# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കാമാക്ഷി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഐ.ഡി.കെ.പി.5/1151/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 29/11/2025
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാമാക്ഷി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5/1151/2025 തീയ്യതി: 29/11/2025

**ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-07-2024 മുതൽ 21-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജേഷ് സി ഹരിബാൽ | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2025 | 27-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2025 | 27-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ടി.എസ്.ധനജയൻ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ജിബി ഇ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.കെ.അഭിലാഷ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അലി എ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അരുൺ മോഹൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനുമോൾ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ആൽബർട്ട് ചാക്കോ | സെക്രട്ടറി | 01-04-2024 | 30-04-2024 |
| ശ്രീ.ബ്രൈറ്റ്മോൻ പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2024 | 17-12-2024 |
| ശ്രീ.സജികുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-12-2024 | 22-01-2025 |
| ശ്രീ.നജീം എച്ച് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബ്രൈറ്റ് മോൻ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 17-12-2024 |
| ശ്രീ.സജികുമാർ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) | 18-12-2024 | 22-01-2025 |
| ശ്രീ.നജീം എച്ച് | അസിസ്റ്റന്റ് സെക്രട്ടറി | 23-01-2025 | 31-03-2025 |
| ശ്രീമതി.ജിജിമോൾ | വി.ഇ.ഒ. | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ.സാജു പി.യു. | വി.ഇ.ഒ. | 01-04-2024 | 31-03-2025 |
| ഡോ.പ്രിൻസ് വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2024 | 04-01-2025 |
| ഡോ.ശ്രീജ ആർ. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 05-01-2025 | 31-03-2025 |
| ശ്രീമതി.നിജാമോൾ എം.ജി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 18-04-2024 |
| ശ്രീമതി. മറിയാമ്മ ഡി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 19-04-2024 | 31-03-2025 |
| ശ്രീമതി. ലേഖമോൾ തോമസ് | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്.കരിക്കുംമേട് | 01-04-2024 | 13-06-2024 |
| ശ്രീമതി. അനിത എം.വി. | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്.കരിക്കുംമേട് | 14-06-2024 | 31-03-2025 |
| ശ്രീ.സോജി തോമസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.ബി.നൗഷാദ് | ഫിഷറീസ് ഓഫീസർ ഇൻ ചാർജ് | 01-04-2024 | 30-08-2024 |
| ശ്രീമതി.റോണിയ റോസ് ജോർജ് | ഫിഷറീസ് ഓഫീസർ | 31-08-2024 | 31-03-2025 |
| ഡോ.ധനേഷ് കൃഷ്ണാൽ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.ജിൻസി ജോസ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2024 | 31-03-2025 |
| ശ്രീ.വിനീത് സി.എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 13-08-2024 |
| ശ്രീമതി.നിഷ രവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 14-08-2024 | 31-03-2025 |
| ശ്രീമതി. ഗീതു മരിയ ജോസഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. ലിന്റു മെറിൻ ഷാജി | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2024 | 29-10-2024 |
| ഡോ. ഹസ്ന ടി പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 30-10-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാനരേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-3 |
| 5 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല | 1-1-4 |
| 6 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-1-5 |
| 7 | വരവിനങ്ങളുടെ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | തനത് വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | പ്രത്യേകോദ്ദേശ്യഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയിൽ വ്യക്തതയില്ല | 1-1-8 |
| 10 | ജവഹർ വായ്പ തിരിച്ചടവ് - വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട് ബിൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഗ്രാന്റ് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമപെൻഷനുകൾ | 1-6 |
| 17 | ക്യാഷ്ബാലൻസ് | 1-7 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 19 | വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി.രജിസ്റ്ററിലെയും വസ്തുനികുതിയുടെ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-9 |
| 20 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-10 |
| 21 | തനതുഫണ്ടിന്റെ കറന്റ് അക്കൗണ്ടുകളിൽ വൻതുകകൾ അവശേഷിക്കുന്നു | 1-11 |
| 22 | ഭവനപുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-12 |
| 23 | ലെഗസി വേസ്റ്റ് കൈമാറൽ - നിർവ്വഹണോദ്യോഗസ്ഥൻ മോണിട്ടറിംഗ് നടത്തി തൂക്കം ഉറപ്പാക്കുന്നില്ല | 1-13 |
| 24 | സ്ത്രീകളുടെ മാത്രം സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് നൽകിയ സബ്സിഡി - അപാകങ്ങൾ - ₹84,375/- തടസ്സപ്പെടുത്തുന്നു | 1-14 |
| 25 | ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കിയിട്ടില്ല | 1-15 |
| 26 | കൈപ്പറ്റ് രസീത്/വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹3,25,000/- തടസ്സപ്പെടുത്തുന്നു | 1-16 |
| 27 | മഴക്കാലപൂർവ്വ വാർഡ്തല ശുചീകരണം - അപാകങ്ങൾ - ₹64,000/- തടസ്സപ്പെടുത്തുന്നു | 1-17 |
| 28 | സോഴ്സിൽ നിന്ന് ജി.എസ്.ടി. കുറവ് ചെയ്തില്ല. | 1-18 |
| 29 | പിങ്ക് കഫേ - വാടകയ്ക്ക് നൽകിയിട്ടില്ല. | 1-19 |
| 30 | ജൈവവളം - വിതരണം ചെയ്തതിന് ആധികാരികരേഖയില്ല - ₹4,13,600/-തടസ്സപ്പെടുത്തുന്നു | 1-20 |
| 31 | ജൽജീവൻ മിഷൻ - അവലോകനം | 1-21 |
| 32 | അങ്കണവാടി പോഷകാഹാരം - ജി.എസ്.ടി.കുറഞ്ഞ നിരക്കിൽ നൽകി. | 1-22 |
| 33 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വിവരം | 4-1 |
| 2 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പയുടെ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കാമാക്ഷി ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 – ലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യപത്രികകളും പ്രസ്തുത ധനകാര്യപത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 08.07.2025 – ലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 11.07.2025 – ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷികധനകാര്യപത്രികകളും അനുബന്ധഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തികനിലയും 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 215(4), 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ, അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാനസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനമാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്വം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷികധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധറിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കാമാക്ഷി ഗ്രാമപ്പഞ്ചായത്തിന്റെ** 2024-2025 വർഷത്തേയ്ക്കുള്ള വാർഷികധനകാര്യപത്രികകൾ 31.03.2025 – ൽ അവസാനിച്ച സാമ്പത്തികവർഷത്തെ സാമ്പത്തികഇടപാടുകളുടെയും 31.03.2025 - ലെ സാമ്പത്തികനിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
29.11.2025 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ്, റൂൾ 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാനഅനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാനരേഖകളും വിശദീകരണവും ലഭ്യമല്ല**

06.07.2011 – ലെ സ.ഉ.(കൈ)നം.152/21/ത.സ്വ.ഭ.വ. – ലെ നിർദ്ദേശങ്ങൾക്കനുസൃതമായി, സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ കൃത്യമായ മൂല്യം വാർഷികകണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

**1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല**

ഇൻകം & എക്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ (ഐ – 18) പ്രകാരം ഡിമാന്റിൽ നിന്ന് എഴുതിത്തള്ളിയ വരവ് ചെലവുകൾക്കും ഐ – 17A പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ഡിപ്രീസിയേഷൻ തുടങ്ങിയവയ്ക്ക് ഉപോൽബലകമായി അംഗീകരിക്കപ്പെട്ട ജേർണൽ വൗച്ചറുകളോ വർക്ക് ഷീറ്റുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

**1-1-5 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.**

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി – 7 – ൽ ഉൾപ്പെട്ടിട്ടുള്ള ഇലക്ഷൻ ഡെപ്പോസിറ്റ് പോലെയുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

**1-1-6 വരവിനങ്ങളുടെ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടില്ല.**

പ്രധാന വരവിനങ്ങളായ തൊഴിൽ നികുതി, വാടക, ലൈസൻസ് എന്നിവയുടെ രജിസ്റ്ററിൽ, വർഷാവസാനം ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവയുടെ വാർഷികകണക്കിലെ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

**1-1-7 തനത് വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

പഞ്ചായത്തിലെ പ്രധാന വരവിനങ്ങൾക്ക് യഥാസമയം അക്രൂവൽ എൻട്രികൾ നൽകുന്നില്ല. അക്രു ചെയ്യുന്ന നികുതികൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തേണ്ടതാണ്.

**1-1-8 പ്രത്യേകോദ്ദേശ്യഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയിൽ വ്യക്തതയില്ല**

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി – 4 - യിലെ താഴെപ്പറയുന്ന തുകകൾ എവിടെ നിന്ന്, എന്ത് ആവശ്യത്തിന് ലഭിച്ചതാണെന്നും നിലവിലുള്ള നീക്കിയിരിപ്പ് തുക ഏത് ബാങ്ക്/ട്രഷറി അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത് എന്നുമുള്ള വിവരം ലഭ്യമല്ല. ആയതിനാൽ ഏതെങ്കിലും തുകകൾ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.6/തീയതി. 24.09.2025) മറുപടി ലഭ്യമാക്കിയില്ല.

| Sl.No. | Code | Head | Amount (₹) |
|---|---|---|---|
| 1 | 320100195 | Epidemic Control | 204 |
| 2 | 320200213 | Development Of Scheduled Castes - Capital | 1,00,000 |

| | | | |
|---|---|---|---|
| 3 | 320200214 | Development Of Scheduled Tribes - Capital | 3,00,000 |
| 4 | 320200301 | Crematorium | 18,870 |
| 5 | 320200399 | Grant, Fund & Contribution For Specific Purpose,<br>Other Purpose | 2,45,686 |

**1-1-9 ജവഹർ വായ്പ തിരിച്ചടവ് - വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.**

02/2024-2025, ജവഹർ വായ്പ തിരിച്ചടവ് എന്ന പദ്ധതിയിൽ 24101252013000557888/19.08.2024 – നം. ബിൽ പ്രകാരം ₹14,70,000/- തൻവർഷം ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം വാർഷികകണക്കിൽ ഉൾപ്പെടുത്തി ലോൺ നീക്കിയിരിപ്പിൽ കുറവ് വരുത്തി ക്രമീകരിച്ചിട്ടില്ല.

**1-1-10 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട് ബിൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല**

37/2024-2025, പാറക്കടവ് പുഷ്പഗിരി റോഡ് എന്ന പ്രവൃത്തിക്ക് പാർട്ട് ബിൽ തുകയായ ₹1,45,636/- നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റ്, ക്യാപ്പിറ്റൽ വർക്ക് – ഇൻ – പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2024-2025 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് താഴെ ചേർക്കും പ്രകാരം അംഗീകരിച്ചു.

| ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം | 2024-2025 – ബജറ്റ് | 2024-2025 – ലെ പരിഷ്കകരിച്ച ബജറ്റ് |
|---|---|---|
| | 02.02.2024 – ലെ 4-ാം നമ്പർ തീരുമാനം | 17.03.2025 – ലെ 1-ാം നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 13.02.2024 – ലെ 1-ാം നമ്പർ തീരുമാനം | 28.03.2025 – ലെ 1(1) നമ്പർ തീരുമാനം |
| മുന്നിരിപ്പ് (₹) | 50,82,570 | 1,16,98,780 |
| വരവ് (₹) | 23,60,99,000 | 29,07,69,000 |
| ആകെ വരവ് (₹) | 24,11,81,570 | 30,24,67,780 |
| ആകെ ചെലവ് (₹) | 23,93,91,000 | 29,85,23,500 |
| നീക്കിയിരിപ്പ് (₹) | 17,90,570 | 39,44,280 |

**1-3 ഗ്രാന്റ് വിനിയോഗം**

| ഗ്രാന്റിനം | മുന്നിരിപ്പ് / അലോട്ട്മെന്റ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 2,08,39,000 | 2,08,39,000 | 2,08,39,000 | 0 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 15,84,000 | 15,84,000 | 12,68,666 | 3,15,334 |
| വികസനഫണ്ട് – റ്റി.എസ്.പി. | 0 | 1,20,000 | 1,20,000 | 1,19,243 | 757 |
| സംരക്ഷണഗ്രാന്റ് – നോൺ റോഡ് | 0 | 40,06,000 | 40,06,000 | 37,11,199 | 2,94,801 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 1,60,17,000 | 1,60,17,000 | 1,60,17,000 | 0 |
| കേന്ദ്രധനകാര്യകമ്മീഷൻ അവാർഡ് (റ്റൈഡ്) | 0 | 77,79,000 | 77,79,000 | 27,44,567 | 50,34,433 |
| കേന്ദ്രധനകാര്യകമ്മീഷൻ അവാർഡ് (അൺറ്റൈഡ്) | 15,81,813 | 36,26,647 | 52,08,460 | 50,89,884 | 1,18,576 |
| ഐ.സി.ഡി.എസ്. | 23,27,868 | 40,00,073 | 63,27,941 | 51,58,468 | 11,69,473 |
| സമ്പൂർണ്ണശുചിത്വം | 6,59,783 | 885 | 6,60,668 | 885 | 6,59,783 |
| ശുചിത്വമിഷൻ | 91,552 | 5,000 | 96,552 | 0 | 96,552 |
| ഹെൽത്ത് ഗ്രാന്റ് - ഇൻഫ്രാസ്ട്രക്ച്ചർ | 5,40,764 | 3,51,455 | 8,92,219 | 5,21,167 | 3,71,052 |
| ഹെൽത്ത് ഗ്രാന്റ് - പിഎച്ച്.സി. സബ് സെന്റർ | 1,51,285 | 10,97,518 | 12,48,803 | 11,43,709 | 1,05,094 |

| | | | | | |
|---|---|---|---|---|---|
| പ്രത്യേക സംസ്ഥാന വിഹിതം –ക്രിമറ്റോറിയം | 18,870 | 0 | 18,870 | 0 | 18,870 |
| മറ്റ് ഏജൻസികളിൽ നിന്നുള്ള വരവ് | 8,22,619 | 6,67,292 | 14,89,911 | 12,76,102 | 2,13,809 |
| വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് - ഇനം വ്യക്തമല്ല - 320200213 | 1,00,000 | 0 | 1,00,000 | 0 | 1,00,000 |
| വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് – ഇനം വ്യക്തമല്ല - 320200214 | 3,00,000 | 0 | 3,00,000 | 0 | 3,00,000 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് – ഇനം വ്യക്തമല്ല - 320200399 | 2,45,686 | 0 | 2,45,686 | 0 | 2,45,686 |
| പകർച്ചവ്യാധിനിയന്ത്രണം | 204 | 0 | 204 | 0 | 204 |
| സമ്പൂർണ്ണശുചിത്വം | 31,772 | 885 | 32,657 | 0 | 32,657 |

<u>**ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ**</u>

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് | ലൈഫ് മിഷൻ – വായ്പ മുതൽ തിരിച്ചടവ് |
|---|---|---|
| വികസന ഫണ്ട് – ജനറൽ | 13,14,000 | 8,95,351 |
| വികസന ഫണ്ട് – എസ്.സി.പി. | 0 | 94,666 |
| വികസന ഫണ്ട് – ടി.എസ്.പി. | 0 | 2,439 |
| ആകെ | 13,14,000 | 9,92,456 |

2) കേന്ദ്ര – സംസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

3) ധനകാര്യകമ്മീഷൻ ഗ്രാന്റ് - ടൈഡ്/അൺ ടൈഡ്, വാർഷികകണക്കുകൾ പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവ ഗ്രാന്റ് സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.

<u>**1-4 പദ്ധതി അവലോകനം**</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%) |
|---|---|---|---|---|---|
| 189 | 13,49,20,576 | 141 | 5,88,46,492 | 48 | 75 |

നിർവഹണോദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണോദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 22,95,266 | 19,89,204 | 86.67 |
| വെറ്ററിനറി സർജൻ | 2 | 2 | 5,80,000 | 5,79,643 | 99.94 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 12 | 11 | 31,66,164 | 23,61,797 | 74.59 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 4,70,000 | 4,68,899 | 99.77 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 7,30,000 | 7,26,094 | 99.46 |
| സബ്ഇൻസ്പെക്ടർ (ഫിഷറീസ്) | 1 | 1 | 9,00,000 | 3,59,360 | 39.93 |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 16 | 4,85,56,591 | 57,25,975 | 11.79 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 16 | 15 | 92,61,252 | 74,42,525 | 80.36 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 60,55,000 | 37,11,223 | 61.29 |
| സെക്രട്ടറി | 39 | 16 | 2,67,19,988 | 1,22,32,798 | 45.78 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 26,76,643 | 13,88,903 | 51.89 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 2 | 2 | 1,60,000 | 1,60,000 | 100.00 |
| അസ്സിസ്റ്റന്റ് എഞ്ചിനീയർ | 79 | 62 | 3,33,49,672 | 2,17,00,071 | 65.07 |
| ആകെ | 189 | 141 | 13,49,20,576 | 5,88,46,492 | 43.62 |

<u>കുറിപ്പ്:</u> സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത പദ്ധതികളുടെ അടങ്കൽ തുക, ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. അവയുടെ ചെലവ് തുക മാത്രമാണ് പ്രതിഫലിച്ചിട്ടുള്ളത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതപദ്ധതി | ഭരണച്ചെലവുകൾ | 0 | 21,14,816 | 21,14,816 | 20,68,687 | 46,129 |
| | തൊഴിലാളികളുടെ കൂലി | 0 | 57142000 | 57142000 | 57142000 | 0 |

ഭരണച്ചെലവുകൾ ഇനത്തിലുള്ള വരവ് ചെലവുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. സ്ഥാപനത്തിലെ ക്യാഷ് ബുക്ക് പ്രകാരമുള്ള യഥാർത്ഥകണക്കുകളാണ് മേൽപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാർഷികകണക്കിലെ വ്യതിയാനം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

## 1-6 ക്ഷേമപെൻഷനുകൾ

തൻവർഷം വിവിധ ക്ഷേമപെൻഷനുകൾക്ക് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപെൻഷന്റെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2,16,90,500 | 1538 |
| കർഷകത്തൊഴിലാളി പെൻഷൻ | 84,31,600 | 576 |
| വിധവ പെൻഷൻ | 96,94,100 | 645 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,54,800 | 27 |
| വികലാംഗപെൻഷൻ | 49,66,600 | 320 |

## 1-7 ക്യാഷ്ബാലൻസ്

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് 23.09.2025 – ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹660/- (അറുനൂറ്റി അറുപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

**1.<u>ഓഫീസ് സംവിധാനം.</u>**

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലർക്ക്, അക്കൗണ്ടന്റ്, നാല് സീനിയർ ക്ലർക്കുമാർ, നാല് ക്ലർക്കുമാർ, ഓഫീസ് അസിസ്റ്റന്റ്, പാർട്ട്ടൈം സ്വീപ്പർ, ഒരു ഡ്രൈവർ, കരാറടിസ്ഥാനത്തിലുള്ള 2 ജീവനക്കാർ എന്നിവർ ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്/ഭൗതിക പരിശോധന**

നികുതിനികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആയത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷികഭൗതിക പരിശോധനയും നടത്തുന്നില്ല. വായ്പ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടില്ല. തെരുവുവിളക്ക് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. തൻവർഷം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വിവരം പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തുന്നില്ല.

**3.ബജറ്റ്**

വാർഷികപദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും, ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

**4. വാങ്ങൽ നടപടി ക്രമങ്ങൾ.**

വാങ്ങൽ നടപടിക്രമങ്ങളിൽ കേരള ഫിനാൻഷ്യൽ കോഡ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള വാങ്ങൾ നടപടി ക്രമങ്ങൽ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ പൂർണ്ണമായി പാലിക്കുന്നില്ല. ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തിയതിനു ശേഷമല്ല വാങ്ങൽ നടപടികളിലേയ്ക്ക് കടക്കുന്നത്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം ഓരോ സാമ്പത്തികവർഷത്തിന്റെ അവസാനവും അടുത്ത സാമ്പത്തികവർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010 – ലെ സ.ഉ.(അ)നം.259/2010/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽത്തന്നെ നടത്തണം (2.3.(B). എന്നാൽ ഇത്തരം നടപടികൾ പാലിക്കുന്നില്ല.

**5.തനതു വരുമാനം**

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക സാമ്പത്തികവികസനം നടത്തുന്നതിനും പഞ്ചായത്ത് പ്രത്യേക പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല.

**6.മോണിട്ടറിംഗ്**

വർക്കിംഗ് ഗ്രൂപ്പുകൾ, മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. പദ്ധതികളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിനും മോണിട്ടറിംഗ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

**7.ക്യാഷ്, ബാങ്ക് നിയന്ത്രണം**

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്. സ്ഥിരനിക്ഷേപം യഥാസമയം പുതുക്കുന്നില്ല.

**8. ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യവർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**9. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ.**

പദ്ധതിനിർവ്വഹണത്തിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**10. ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള ഗ്രാമപ്പഞ്ചായത്ത് തീരുമാനം**

1997 - ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ, ചട്ടം 15(2) - പ്രകാരം, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ സ്ഥാപനം എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

**11. മരാമത്ത് പ്രവൃത്തികൾ.**

പദ്ധതികൾ പൂർത്തിയാക്കുന്ന രീതിയൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ പൂർണ്ണമായ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുന്നതും മിക്ക പദ്ധതികളും സ്പിൽഓവർ ആകേണ്ടി വരുന്നതും ന്യൂനതയാണ്. പദ്ധതികളുടെ എണ്ണത്തിലെ ബാഹുല്യവും പഞ്ചായത്തിന്റെ വിസ്തൃതിയും പദ്ധതികളുടെ സയമബന്ധിതമായ നിർവ്വഹണത്തെ ബാധിക്കുന്നുണ്ട്. പ്രോജക്ട് ഫോർമാറ്റിൽ ക്രമനമ്പർ 36 ആസ്തിയുടെ യുണീക് നമ്പർ രേഖപ്പെടുത്താനുള്ളതാണെങ്കിലും അത്തരം രേഖപ്പെടുത്തൽ നടത്തുന്നില്ല. എന്നുമാത്രമല്ല ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഗ്രാമപ്പഞ്ചായത്തിന്റെ തനത് ആസ്തിയിൽത്തന്നെയാണോ നിർമ്മാണം നടത്തുന്നത് എന്ന് ഉറപ്പാക്കാനാവുന്നില്ല.

**1-9 വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി.രജിസ്റ്ററിലെയും വസ്തുനികുതിയുടെ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി. രജിസ്റ്ററിലെയും വസ്തുനികുതി കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | വാർഷികധനകാര്യപത്രിക പ്രകാരം (₹) | | | ഡി.സി.ബി.രജിസ്റ്റർ പ്രകാരം (₹) | | |
|---|---|---|---|---|---|---|
| വസ്തുനികുതി | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| പാർപ്പിടം | 19,39,410 | 19,72,579 &<br>2,446 (Advance) | 4,78,974 | 25,16,335 | 19,92,813 | 5,23,522 |
| പാർപ്പിടേതരം | 17,47,846 | 18,16,274 &<br>16 (Advance) | 4,55,259 | 25,66,695 | 18,99,325 | 6,66,523 |

തുകയിലെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.9/തീയതി. 25.09.2025) നൽകിയെങ്കിലും മറുപടി നൽകിയില്ല. കണക്കുകൾ കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-10 തൊഴിൽ നികുതി ഈടാക്കിയില്ല.**

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2024-2025 വർഷത്തെ തൊഴിൽ നികുതി (I & II Half), സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | SCB Udayagiri |
| 2 | Co-Operative Hospital, Thankamany |
| 3 | APCOS Thankamany |
| 4 | Saraswathy Vidyanikethan Parkadavu |
| 5 | APCOS, Calvarymount |
| 6 | Akshaya, Udayagiri |
| 7 | Milk Producers Co-Operative Society Pandippara West |

**പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീയതി. 25.09.2025) മറുപടി നൽകിയില്ല. തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.**

**1-11 തനതുഫണ്ടിന്റെ കറന്റ് അക്കൗണ്ടുകളിൽ വൻതുകകൾ അവശേഷിക്കുന്നു**

പലിശരഹിതഓൺലൈൻ പേയ്മെന്റ്/E-പേമെന്റ് അക്കൗണ്ടുകളിൽ നിന്ന് കാലാകാലങ്ങളിൽ പഞ്ചായത്തിന്റെ പലിശ ലഭിക്കുന്ന അക്കൗണ്ടുകളിലേയ്ക്ക് പണം മാറ്റുന്നില്ല. പണം നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് | 31.03.2025 – ലെ ബാലൻസ് തുക (₹) | 20.09.2025 – ലെ നീക്കിയിരുപ്പ് തുക (₹) |
|---|---|---|---|
| 1 | UBI – 427702010020208 | 91,66,724 | 86,49,229.95 |
| 2 | FEDERAL BANK - 11370200123143 | 25,67,262 | 25,67,262.12 (31.08.2025) |
| 3 | SBI – 67395556107 | 43,81,896 | |

ഓൺലൈൻ പേയ്മെന്റ്/E - പേയ്മെന്റ് അക്കൗണ്ടുകളിൽ നിന്ന് പ്രസ്തുത തുകകൾ പലിശ ലഭിക്കുന്ന അക്കൗണ്ടുകളിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്.

**1-12 ഭവനപുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 66/2025, വീട് പുനരുദ്ധാരണം – എസ്.സി.പി. |
| അടങ്കൽ (₹) | 7,00,000/- (പട്ടികജാതിവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഭവനപുനരുദ്ധാരണ പദ്ധതി പ്രകാരം തുക കൈപ്പറ്റിയിട്ടും താഴെ പരാമർശിക്കുന്ന ഗുണഭോക്താവിന്റെ വീടിന്റെ പുനരുദ്ധാരണപ്രവൃത്തി പൂർത്തീകരിച്ചില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക (₹) | ബിൽ നമ്പർ & തീയതി |
|---|---|---|---|
| 1 | ശ്രീ ചന്ദ്രൻ രാമൻ, കുറ്റിയാനിക്കുഴിയിൽ | 50,000 | 24101252010338313/17.02.2025 |

വീടിന്റെ പുനരുദ്ധാരണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പൂർത്തീകരിക്കാത്ത പക്ഷം നിയമാനുസൃത നടപടികളിലൂടെ ധനസഹായം തുക തിരികെ ഈടാക്കേണ്ടതാണ്.

**1-13 ലെഗസി വേസ്റ്റ് കൈമാറൽ - നിർവ്വഹണോദ്യോഗസ്ഥൻ മോണിട്ടറിംഗ് നടത്തി തൂക്കം ഉറപ്പാക്കുന്നില്ല**

| | |
|---|---|
| പദ്ധതിയുടെ നം./പദ്ധതിയുടെ പേര് | 62/2025, തരം തിരിക്കാനാവാത്ത മാലിന്യങ്ങൾ നീക്കം ചെയ്യൽ |
| അടങ്കൽ (₹) | 4,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പഞ്ചായത്തിൽ ഹരിതകർമ്മസേനാംഗങ്ങൾ ഉപയോഗപ്രദമായ പാഴ്വസ്തുക്കൽ തരം തിരിച്ചെടുത്തതിന് ശേഷമുള്ള റിജക്റ്റഡ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കരാർ ഏറ്റെടുത്ത കമ്പനികളായ ക്ലീൻകേരള തിരുവനന്തപുരം, എകൈവ എക്കോ സൊല്യൂഷൻസ്, കോട്ടയം എന്നിവയ്ക്ക് താഴെ പരാമർമശിക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | തൂക്കം (കി.ഗ്രാം) | തുക (₹) | സ്ഥാപനം | ഇൻവോയ്സ് നമ്പർ/ തീയതി | വൗച്ചർ നം./ തീയതി |
|---|---|---|---|---|---|
| 1 | 2495 | @ 10/- 24,950 | ക്ലീൻ കേരള | എ2-776/ സി.കെ.സി.എൽ/2023/ 30.07.2024 | XVFC/2024-25/ P/23/03.02.2025 |
| 2 | 3090 | @ 10/- 30,900 | ക്ലീൻ കേരള | എ2-776/ സി.കെ.സി.എൽ/2023/ 21.03.2024 | XVFC/2024-25/ P/26/03.02.2025 |
| 3 | 18005 | @₹8.5/- 1,53,042.50 | എകൈവ എക്കോ സൊല്യൂഷൻസ്, | 24-25/25/10.06.2024 | XVFC/2024-25/ P/29/03.02.2025 |
| 4 | 3465 | @ 10/- 34,650 | ക്ലീൻ കേരള | എ2-776/ സി.കെ.സി.എൽ/2023 30.01.2024 | XVFC/2024-25/ P/28/03.02.2025 |
| 5 | 13025 | @ ₹8/- 1,04,200 | എകൈവ എക്കോ സൊല്യൂഷൻസ് | 24-25/98/25.02.2025 | XVFC/2024-25/ P/41/03.03.2025 |
| 6 | 6050 | @ ₹8/- 48,400 | എകൈവ എക്കോ സൊല്യൂഷൻസ് | 24-25/105/10.03.2025 | XVFC/2024-25/ P/56/25.03.2025 |
| | ആകെ | 3,96,142 | | | |

കരാർ ഏറ്റെടുത്ത കമ്പനികളായ ക്ലീൻകേരള തിരുവനന്തപുരം, എകൈവ എക്കോ സൊല്യൂഷൻസ്, കോട്ടയം എന്നിവയ്ക്ക് റിജക്റ്റഡ് മാലിന്യങ്ങൾ കൈമാറുമ്പോൾ തൂക്കം നിർണ്ണയിച്ച് നൽകിയിട്ടില്ല. എം.സി.എഫ്. – ൽ

സൂക്ഷിച്ചിട്ടുള്ള മാലിന്യം കൊണ്ടു പോകുമ്പോൾ ലോഡ് കയറ്റുന്നതിന് മുൻപും ശേഷവും അതത് തീയതികളിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ തൂക്കി നോക്കിയതിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് സ്ഥാപനം ബില്ലിനൊപ്പം സമർപ്പക്കേണ്ടതാണെങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ മോണിട്ടറിംഗ് നടത്തി ഇപ്രകാരം ചെയ്തിട്ടില്ല. തൂക്കം ഉറപ്പാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ പരിപാലിക്കാതെയും കൃത്യമായ മോണിട്ടറിംഗ് നടത്താതെയും മാലിന്യത്തിന്റെ അളവ് ബോദ്ധ്യപ്പെടാതെയും സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം തുക കൈമാറി നൽകുകയാണ് ചെയ്തിട്ടുള്ളത്. മാലിന്യം തൂക്കി നോക്കുമ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ കൃത്യമായ മോണിട്ടറിംഗ് നടത്തി തൂക്കം ഉറപ്പാക്കി, അത് പ്രകാരമുള്ള റിപ്പോർട്ട് മാലിന്യം കൊണ്ടുപോകുന്ന കമ്പനിക്ക് നൽകേണ്ടതും ഫയലിൽ സൂക്ഷിക്കേണ്ടതും ആണ്. പദ്ധതി നടപ്പാക്കുമ്പോൾ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/തീയതി. 25.09.2025) നൽകിയെങ്കിലും മറുപടി നൽകിയില്ല. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-14 സ്ത്രീകളുടെ മാത്രം സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് നൽകിയ സബ്സിഡി - അപാകങ്ങൾ - ₹84,375/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 216/2025, സ്ത്രീകളുടെ മാത്രം സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി |
| അടങ്കൽ (₹) | 11,60,000/- (പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് (₹) | 6,59,782/- |
| ബിൽ നമ്പർ/തീയതി | 24101252013601710425/25.03.2025 |

വായ്പ എടുത്തതോ അല്ലാത്തതോ ആയ സംരംഭങ്ങൾക്ക്, 28.05.2022 – ലെ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ. – ലെ ഖണ്ഡിക നം.6.5, ക്രമ നം.4 – പ്രകാരം, ചെലവാകുന്ന തുകയുടെ 75 % ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1) മുണ്ടേത്ത് ഓട്ടോമോബൈൽസ്, തങ്കമണി**

പതിനൊന്നാം വാർഡിൽ പ്രവർത്തിക്കുന്ന നവദീപ്തി കുടുംബശ്രീ അംഗമായ ശ്രീമതി കെ.എസ്.സുലത, ഐശ്വര്യ കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങളായ ശ്രീമതി വിമല ബാബു, ശ്രീമതി ലീലാമണി സുകുമാരൻ എന്നിവർ ചേർന്ന് ആരംഭിച്ച സംരംഭമാണ് മുണ്ടേത്ത് ഓട്ടോമോബൈൽസ്. സാമഗ്രികൾ വാങ്ങിയതിന് ആകെ ചെലവിന്റെ 75 % തുകയായ ₹90,782/- മുണ്ടേത്ത് ഓട്ടോമോബൈൽസ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം വാങ്ങിയ താഴെ പരാമർശിക്കുന്ന സാമഗ്രികൾ സ്ഥാപനത്തിൽ 24.09.2025 – ന് പരിശോധന നടത്തിയ വേളയിൽ കണ്ടെത്തിയില്ല. ഈ സാമഗ്രികൾ ശ്രീ ഗോപാലകൃഷ്ണൻ എന്ന വ്യക്തി നടത്തുന്ന ഫ്രണ്ട്സ് ഓട്ടോമോബൈൽസ് എന്ന സ്ഥാപനത്തിൽ ആണ് കണ്ടെത്തിയത്.

<u>സാമഗ്രികളുടെ വിവരം</u>

| ക്രമ നം. | ഇനം | എണ്ണം | തുക (₹) | ഇൻവോയിസ് നം./തീയതി വാങ്ങിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | പഡ്ലോക്ക് സ്റ്റാന്റ് | 1 | 4,300 | എ.471/തീയതി. 11.03.2025 സ്ട്രാറ്റജിക് മാർക്കറ്റിംഗ് ഗ്രൂപ്പ് കോട്ടയം |
| 2 | 3 ടൺ ട്രോളി ജാക്ക് | 3 | 36,000 | |
| 3 | എയർ കമ്പ്രസർ | 1 | 30,000 | |
| 4 | എയർ ഇംപാക്ട് വ്രഞ്ച് | 1 | 10,900 | |
| ആകെ | | | 81,200 | |

സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾക്ക് ചെലവിന്റെ 75 % തുക ധനസഹായം നൽകുന്നതിനാണ് മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. ലഭ്യമാക്കിയ ധനസഹായം ഉപയോഗിച്ച് വാങ്ങിയ മേൽ സൂചിത സാമഗ്രികൾക്ക് അർഹതപ്പെട്ട വ്യക്തികൾ നടത്തുന്ന സ്ഥാപനവുമായി യാതൊരു ബന്ധവുമില്ലാത്ത മറ്റൊരു സ്ഥാപനത്തിൽ സ്ഥാപിച്ചതിനാൽ ₹81,200/- – യുടെ 75 % ആയ ₹60,900/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/തീയതി. 25.09.2025) നൽകിയതിന് സാമഗ്രികൾ തിരികെ എത്തിക്കുന്നതിന്

നടപടി സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തിരികെ എത്തിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2) വിസ്മയ ടെയിലറിംഗ് & ബ്യൂട്ടി പാർലർ.**

രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന അനുഗ്രഹ കുടുംബശ്രീ അംഗങ്ങളായ ശ്രീമതി ജെസി വർഗ്ഗീസ്, ശ്രീമതി ജിഷ വിൻസെന്റ് എന്നിവർ ചേർന്ന് ആരംഭിച്ച സംരംഭമാണ് വിസ്മയ ടെയിലറിംഗ് & ബ്യൂട്ടി പാർലർ. ഈ സംരംഭത്തിലേയ്ക്ക് വാങ്ങിയ താഴെ പരാമർശിക്കുന്ന സാമഗ്രികൾ 25.09.2025 – ൽ നടത്തിയ പരിശോധന വേളയിൽ കണ്ടെത്തിയില്ല. സാമഗ്രികൾ സ്ഥാപനത്തിൽ ഇറക്കിയ വേളയിൽ കേടായ അവസ്ഥയിലായതിനാൽ പുതിയത് ലഭിക്കുന്നതിന് കേടായവ സ്ഥാപനത്തിന് തിരികെ നൽകിയതായി സംരംഭകർ വിശദീകരിച്ചു.

| ക്രമ നം. | ഇനം | എണ്ണം | തുക (₹) | ഇൻവോയിസ് നം./തീയതി വാങ്ങിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | ജാക്ക് എഫ് 5 പവ്വർ മെഷ്യൻ | 1 | 26,500 | 408/30.03.2025 ജോയി ബ്രദേഴ്സ്, കട്ടപ്പന |
| 2 | പവ്വർ മോട്ടോർ | 1 | 4,800 | |
| ആകെ | | | 31,300 | |

യന്ത്രസാമഗ്രികൾ നാളിതുവരെയും തിരികെ ലഭ്യമാക്കാത്തതിനാൽ ₹31,300/- – യുടെ 75 % ആയ ₹23,475/- തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന ആകെത്തുക : ₹60,900 + ₹23,475 = ₹84,375/-

ഇതുമായി ബന്ധപ്പെട്ട് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീയതി. 25.09.2025), മാറ്റപ്പെട്ട സാധനങ്ങൾ തിരികെ എത്തിക്കുന്നതിന് കർശനനിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. അർഹരായ ഗുണഭോക്താക്കൾ തന്നെയാണ് ധനസഹായത്തിന്റെ ഫലം അനുഭവിക്കുന്നത് എന്ന് നിർവ്വഹണോദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്. വാങ്ങിയ സാമഗ്രികൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-15 ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കിയിട്ടില്ല**

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിനുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്.ബി.ഐ. പൈനാവ് ശാഖയിലുള്ള 40554145142 – നമ്പർ കറണ്ട് അക്കൗണ്ടിലെ 23.09.2025 വരെയുള്ള തുക ₹2,93,414.98/- ഗ്രാമപ്പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറി നൽകിയിട്ടില്ല. ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ പലിശ രഹിതമായ ഈ അക്കൗണ്ടിലെ തുക അടിയന്തരമായി ഗ്രാമപ്പഞ്ചായത്തിന് കൈമാറേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

**1-16 കൈപ്പറ്റ് രസീത്/വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹3,25,000/- തടസ്സപ്പെടുത്തുന്നു**

വൃത്തി/2025 – ദി ക്ലീൻകേരള കോൺക്ലേവ്, എസ്.എസ്.കെ. വിഹിതം എന്നിവയുടെ തുകയുടെ കൈപ്പറ്റ് രസീത്/ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. പദ്ധതികൾക്ക് തുക കൈമാറിയെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീതുകൾ ലഭ്യമാക്കിയില്ല.

1. വൃത്തി – 2025, ദി ക്ലീൻ കേരള കോൺക്ലേവ്

| പദ്ധതി നം./പദ്ധതിയുടെ പേര് | 225/2024-2025, വൃത്തി – 2025 – ദി ക്ലീൻ കേരള കോൺക്ലേവ് – |
|---|---|
| അടങ്കൽ (₹) | 25,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 25,000/- |
| ബിൽ റഫറൻസ് നമ്പർ/തീയതി | 24101252013001675873/25.03.2025 |

സംസ്ഥാനത്ത് മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നാളിതുവരെയുള്ള നേട്ടങ്ങളെല്ലാം ഒരു കുടക്കീഴിൽ സമൂഹത്തിന് മുന്നിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുമുന്നിലും ഉയർത്തിക്കാട്ടുന്നതിന് ലക്ഷ്യമിട്ട് മെഗാ ഇവന്റ് സംഘടിപ്പിക്കുന്നതിനായി 07.03.2025 – ലെ സ.ഉ.(സാധാ)നം.645/2025/

ത.സ്വ.ഭ.വ. – ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ ബില്ല് പ്രകാരമുള്ള തുക ശുചിത്വമിഷന്റെ വഴുതക്കാട് ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ – 0046104000272292 – ലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല.

2. എസ്.എസ്.കെ.വിഹിതം.

| | |
|---|---|
| പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | 157/25. എസ്.എസ്.കെ. വിഹിതം<br>വികസനഫണ്ട് – പൊതുവിഭാഗം |
| അടങ്കൽ (₹) | 3,00,000/- വികസനഫണ്ട് (പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 3,00,000/- |
| ബിൽ റഫറൻസ് നമ്പർ/തീയതി | 241012520130000794142/18.10.2024 |

ബ്ലോക്ക് റിസോർസ് സെന്ററിന്റെ 349910107539 – നം. അക്കൗണ്ടിലേയ്ക്ക് നൽകിയ ₹3,00,000/- – യുടെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരെ മേൽ രണ്ടു പദ്ധതികൾക്ക് ചെലവഴിച്ച ₹3,25,000/- (₹25,000/- + ₹3,00,000/-) തടസ്സപ്പെടുത്തുന്നു.

**1-17 മഴക്കാലപൂർവ്വ വാർഡ്തല ശുചീകരണം - അപാകങ്ങൾ - ₹64,000/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | മഴക്കാലപൂർവ വാർഡ്തല ശുചീകരണം |
| അടങ്കൽ (₹) | 1,50,000/- (തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വൗച്ചർ നം./തീയതി | 42400198/18.07.2024 |

മഴക്കാലപൂർവ്വ, ശുചീകരണ (വാർഡ്തലം) പ്രവർത്തനങ്ങൾക്കായി ₹10,000/- വീതം 15 വാർഡുകൾക്കായി ₹1,50,000/- ഹെൽത്ത് ഇൻസ്പെക്ടർക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 1, 2, 4, 5, 7, 10 എന്നീ ആറ് വാർഡുകളിലെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. 13-ാം വാർഡിൽ നൽകിയ തുകയിൽ ₹6,000/- – ന്റെ ചെലവുകൾ മാത്രമാണ് നടന്നിട്ടുള്ളത്. പദ്ധതിയുടെ ബാക്കി തുക ₹,4000/- വാർഡ്തല സമിതിയുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. പ്രസ്തുത വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/തീയതി. 26.09.2025) മറുപടി ലഭിച്ചില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹64,000/- (₹10,000 X 6) + ₹4,000/-) – യുടെ ചെലവ് തടസ്സം ചെയ്യുന്നു. ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ചെലവാകാത്ത തുക (₹4,000/-) തനത് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-18 സോഴ്സിൽ നിന്ന് ജി.എസ്.ടി. കുറവ് ചെയ്തില്ല.**

പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ വാങ്ങൽ, കാമാക്ഷി കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രത്തിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നി പദ്ധതികൾ പ്രകാരം ജനറേറ്ററുകൾ ജെം – പോർട്ടൽ മുഖേന വാങ്ങിയെങ്കിലും തുക മാറി നൽകിയപ്പോൾ സോഴ്സിൽ നിന്നും ₹ 2/- നിരക്കിൽ ജി.എസ്.ടി. (TDS) കുറവ് ചെയ്തില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. **പദ്ധതിയുടെ പേര് - കാമാക്ഷി കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ**

| | |
|---|---|
| പദ്ധതി നം. | 214/2024-2025 |
| അടങ്കൽ (₹) | 4,60,000/- (ഹെൽത്ത് ഗ്രാന്റ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 4,60,000/- |
| ബിൽ റഫറൻസ് നം./<br>വൗച്ചർ നം./തീയതി | പി.എഫ്.എം.എസ്.ഐ.ഡി.നമ്പർ<br>-C032584394772/26.03.2025 |

**2. പദ്ധതിയുടെ പേര് – കാമാക്ഷി പി.എച്ച്.സി. ലാബ് പ്രവർത്തനങ്ങൾക്ക് ജനറേറ്റർ വാങ്ങൽ**

| | |
|---|---|
| പദ്ധതി നം. | 188/2024-2025 |
| അടങ്കൽ (₹) | 4,40,000/- (ഹെൽത്ത് ഗ്രാന്റ്) |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 4,40,000/- |
| ബിൽ റഫറൻസ് നം./ വൗച്ചർ നം./തീയതി | പി.എഫ്.എം.എസ്.ഐ.ഡി.നമ്പർ – C032584398596/25.03.2025 |

3. **പദ്ധതിയുടെ പേര് – പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ വാങ്ങൽ, സ്ഥാപിക്കൽ**

| | | |
|---|---|---|
| പദ്ധതി നം. | 141/2024-2025 | |
| അടങ്കൽ (₹) | 7,40,000/- | (5,50,000/- (പൊതുവിഭാഗം) |
| | | 1,90,000/- (സാധാരണവിഹിതം) |
| | | 3,60,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |
| ആകെച്ചെലവ് (₹) | 5,50,000/- | |
| ബിൽ റഫറൻസ് നം./ വൗച്ചർ നം./തീയതി/തുക (₹) | 24101252013001657280/24.03.2025/1,90,000/- | |
| | XVFC/2024-25/P/51/24.03.2025/3,60,000/- | |

മേൽ സൂചിപ്പിച്ചതിൽ ക്രമ നമ്പർ, 1, 2 എന്നിവ പ്രകാരം, കുടുംബാരോഗ്യകേന്ദ്രത്തിലും ക്രമ നമ്പർ 3 പ്രകാരം, പഞ്ചായത്ത് ഓഫീസിലേയ്ക്കും ജനറേറ്ററുകൾ ഇ-ടെണ്ടർ മുഖേന കെ.പി.എസ്. ഇന്നവേഷൻസ്, നോർത്ത്പറവൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിരുന്നു. എന്നാൽ തുക നൽകിയപ്പോൾ 2017 – ലെ കേന്ദ്രചരക്ക് സേവനനികുതിനിയമം സെക്ഷൻ 51 – ൽ പരാമർശിക്കും പ്രകാരമുള്ള 2 % നികുതി (TDS) സ്രോതസിൽ നിന്ന് കുറവ് ചെയ്തില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/തീയതി. 23.09.2025) സ്ഥാപനം നികുതി അടവാക്കിയതായി മറുപടി നൽകി. എന്നാൽ ഇക്കാര്യത്തിലെ കൃത്യത വ്യക്തമാക്കാൻ സാധിച്ചില്ല. വാങ്ങൽ നടപടികളിൽ ഇത്തരം അപാകങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-19 പിങ്ക് കഫേ - വാടകയ്ക്ക് നൽകിയിട്ടില്ല.</u>**

തൊടുപുഴ – പുളിയൻമല ഹൈവേയ്ക്ക് സമീപത്തായി കാൽവരി മൗണ്ട് ടൂറിസ്റ്റ് വ്യൂപോയിന്റിന്റെ പ്രവേശനകവാടത്തോട് ചേർന്ന് 2022-2023 വർഷത്തിൽ ആവിഷ്ക്കരിച്ച് നിർമ്മാണം തുടങ്ങിയതും 23.03.2024 – ൽ ₹16,62,582/- ചെലവഴിച്ച് പൂർത്തീകരിച്ചതുമായ 'പിങ്ക് കഫേ' എന്ന കഫറ്റേറിയ പദ്ധതി പൂർത്തീകരിച്ച് 6 മാസത്തിന് ശേഷവും വാടകയ്ക്ക് നൽകിയിട്ടില്ല. തന്മൂലം പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചില്ല.



*പിങ്ക് കഫേ*

പദ്ധതിക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/പദ്ധതി നം. | ബിൽ നം./തീയതി/തുക (₹) | ആകെത്തുക (₹) |
|---|---|---|
| പിങ്ക് കഫേ, (195/2023-24, 149/2024-25) (സ്പിൽ ഓവർ പദ്ധതി) | 23101252014001133457/29.01.2024/1,84,737/- | 11,86,038/- |
| | 23101252014001464530/23.03.2024/3,12,145/- | |
| | 23101252014001513435/25.03.2024/4,48,976/- | |
| | 23101252014001553414/25.03.2024/2,40,180/- | |
| പിങ്ക് കഫേ പൂർത്തീകരണം | 24101252014001654984/23.03.2025/4,76,544/- | 4,76,544/- |
| ആകെ | | 16,62,582/- |

നാളിതുവരെയും പിങ്ക് കഫേ വാടകയ്ക്ക് നൽകാത്തതിന്റ കാരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17/തീയതി. 25.09.2025) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പദ്ധതി എത്രയും വേഗം പ്രയോജനപ്പെടുത്തുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്.

**1-20 ജൈവവളം - വിതരണം ചെയ്തതിന് ആധികാരികരേഖയില്ല - ₹4,13,600/-തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതിയുടെ നം./ പദ്ധതിയുടെപേര് | 25/25, ജൈവവളം വിതരണം (എസ്.സി.പി.) |
| അടങ്കൽ (₹) | 4,13,600/- (വികസനഫണ്ട് – ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് (₹) | 4,13,600/- |
| ബിൽ നം./തീയതി | 241012520113015688 74/17.03.2025 |

ഈ പദ്ധതി പ്രകാരം ജൈവവളങ്ങൾ വാങ്ങി വിതരണം നടത്തിയതിന് മുകളിൽ ചേർത്തിട്ടുള്ള ബിൽ പ്രകാരം ₹4,13,600/- ചെലവഴിച്ചിട്ടുണ്ട്. തങ്കമണി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുഖേനയാണ് ജൈവവളം നൽകിയത്. ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതില്ലാത്തതിനാൽ ജൈവവളം വിതരണം നടത്തിയതിന് തെളിവായി സൂക്ഷിച്ചിരിക്കുന്നത് ഗുണഭോക്താക്കൾ ഒപ്പിട്ടിരിക്കുന്ന കൈപ്പറ്റ് വിവരം മാത്രമാണ്. എന്നാൽ പ്രസ്തുത രേഖയിൽ 94 ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മൂന്ന് ഗുണഭോക്താക്കൾക്ക് 140 കിലോ ഗ്രാം വീതം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ളവർക്ക് ഏത് ഇനം എത്ര അളവിൽ നൽകിയെന്നത് രേഖപ്പെടുത്താതെ ഒപ്പ് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് എത്ര കിലോഗ്രാം വീതം ജൈവവളം വിതരണം ചെയ്തുവെന്ന യാതൊരു ആധികാരികരേഖയും ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 25.09.2025 – ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13) മറുപടി ലഭിച്ചില്ല. ഇക്കാര്യത്തിൽ ഭരണസമിതി പരിശോധന നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതിക്ക് ചെലവഴിച്ച ₹4,13,600/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-21 ജൽജീവൻ മിഷൻ - അവലോകനം**

ഭാരതത്തിലെ ഗ്രാമീണമേഖലയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും വീടുകൾക്കും 2024 – ഓടെ ഗുണഭോക്താക്കളുടെ സമൂഹസംഭാവനയോട് കൂടി സുസ്ഥിരമായ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയാണ് ജൽജീവൻ മിഷൻ.

08.06.2020 – ലെ സ.ഉ.(കൈ)നം.37/2020 – ജ.വി.വ. പ്രകാ, പദ്ധതിയുടെ കേന്ദ്രമാർഗ്ഗനിർദ്ദേശമനുസരിച്ച് കേന്ദ്ര–സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണെന്നും ഗ്രാമപ്പഞ്ചായത്തുകൾക്കാണ് പ്രധാനമായും പദ്ധതി നടത്തിപ്പിന്റെ ചുമതലയെന്നും വ്യക്തമായിട്ടുണ്ട്. കൂടാതെ ഒന്നിലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി ആണെങ്കിൽ ഏകോപനത്തിനായി വിവിധ ഗ്രാമപ്പഞ്ചായത്തുകൾ/ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഏകോപനകമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്. 2020-2021 സാമ്പത്തികവർഷത്തേക്ക് ₹880 കോടിയുടെ പദ്ധതി അടങ്കലിൽ ജൽജീവൻ മിഷന് അംഗീകാരം നൽകുമ്പോൾ പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 10 % ഗുണഭോക്തൃവിഹിതവും 15 % ഗ്രാമപ്പഞ്ചായത്ത് വിഹിതവും നൽകാൻ സന്നദ്ധത അറിയിക്കുന്ന പഞ്ചായത്തുകളെ ഉൾപ്പെടുത്തി പദ്ധതി 2020-2021 വർഷം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തത്.

ഗ്രാമപ്പഞ്ചായത്ത്വിഹിതം, ഗുണഭോക്തൃവിഹിതം എന്നിവയിൽ പ്രത്യേക പരിഗണനയുള്ള ജനവിഭാഗങ്ങൾക്ക്(ബി.പി.എൽ./എസ്.സി./എസ്.റ്റി./ ഫിഷർമെൻ) ആവശ്യത്തിനനുസരിച്ച് ഇളവുകൾ നൽകുന്ന കാര്യം പഞ്ചായത്തുകൾക്ക് സ്റ്റേറ്റ് വാട്ടർ & സാനിട്ടേഷൻ മിഷന്റെ അനുമതിയോടെ തീരുമാനിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

23.02.2022 – ലെ സ.ഉ.(സാധാ.)/നം.134/2022/ജ.വി.വ. പ്രകാരം, കാമാക്ഷി ഗ്രാമപ്പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ളം വിതരണം ചെയ്യേണ്ട ആകെ 600 വീടുകൾക്കായി ₹619.83 ലക്ഷം ആണ് അടങ്കൽ കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ 15 % തുകയായ ₹92.97 ലക്ഷം പഞ്ചായത്തു വിഹിതമായി കണക്കാക്കിയിരിക്കുന്നു. എന്നാൽ പഞ്ചായത്ത് ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ കണക്കിൽ ₹149.40 ലക്ഷം അടങ്കൽ തുകയാണ് ജൽജീവൻ മിഷൻ പദ്ധതിക്ക് അടങ്കൽ കണക്കാക്കിയിരിക്കുന്നത് എന്ന് അറിയിച്ചു. ജൽജീവൻ മിഷൻ

ഗ്രാമപ്പഞ്ചായത്ത് ഓഫീസിന്റെ സമീപത്ത് സ്ഥാപിച്ചിട്ടുള്ള ബോർഡിലും പ്രസ്തുത തകുയാണ് അടങ്കലായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് മറ്റ് കത്തിടപാടുകൾ ലഭ്യമല്ല. നാളിതുവരെ ഈ പദ്ധതിക്ക് ആവശ്യമായ ധനസ്രോതസ്സ് ഗ്രാമപ്പഞ്ചായത്തിന് ഇല്ലാത്തതിനാൽ തുക കൈമാറിയിട്ടില്ലെന്ന് 23.09.2025 – ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.2 – ന് സെക്രട്ടറി മറുപടി നൽകി.

## 1-22 അങ്കണവാടി പോഷകാഹാരം - ജി.എസ്.ടി.കുറഞ്ഞ നിരക്കിൽ നൽകി.

| പദ്ധതി നം./പദ്ധതിയുടെ പേര് | 152/2025, 35/2025, അങ്കണവാടി പോഷകാഹാരം | |
|---|---|---|
| അടങ്കൽ (₹) (പദ്ധതി നം.152/2025) | 18,29,085/- | 4,20,877/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | | 14,08,208/- (കേന്ദ്രാവിഷ്കൃതപദ്ധതി) |
| അടങ്കൽ (₹) (പദ്ധതി നം.35/2025) | 34,11,000/- | 9,11,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | | 25,00,000/- (കേന്ദ്രാവിഷ്കൃതഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്., സൂപ്പർവൈസർ | |

2024-2025 വർഷം കാമാക്ഷി ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളിലേക്ക് ന്യൂട്രീമിക്സ് വാങ്ങിയിട്ടുള്ളത് ഓജസ് ന്യൂട്രീമിക്സ് യൂണിറ്റ്, കാമാക്ഷി എന്ന സ്ഥാപനത്തിൽ നിന്നാണ്. ഈ സ്ഥാപനത്തിന്റെ 32AAABO0909J1ZU എന്ന ജി.എസ്.ടി.രജിസ്ട്രേഷൻ നമ്പർ പരിശോധിച്ചതിൽ സ്ഥാപനം റഗുലർ ടൈപ്പ് രജിസ്ട്രേഷനിൽ ഉൾപ്പെടുന്നതാണ്. അതായത് സ്ഥാപനത്തിന് ന്യൂട്രിമിക്സിന്റെ വിലയായ കിലോ ഗ്രാമിന് ₹70/- – യും @ 5 % ജി.എസ്.ടി. ₹3.50/- -യും ഉൾപ്പെടെ ₹73.50/- – യ്ക്ക് അർഹത ഉണ്ടെന്നിരിക്കെ, താഴെ പറയുന്ന ഇവോയ്സ് പ്രകാരം വാങ്ങൽ നടത്തിയ ന്യൂട്രീമിക്സിന് കിലോ ഗ്രാമിന് ₹70/ – യിൽ പരിമിതപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. ഇക്കാരണത്താൽ സപ്ലൈ ചെയ്ത സ്ഥാപനത്തിന് നൽകേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ട്. ന്യൂട്രീമിക്സിന്റെ വില സർക്കാർ നിശ്ചയിക്കുന്നതാണെന്നിരിക്കെ അർഹതപ്പെട്ട നികുതി ഉൾപ്പെടെയുള്ള തുക ഓജസ് ന്യൂട്രീമിക്സിന് അനുവദിക്കാവുന്നതാണ്.

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി | കിലോ ഗ്രാം | അർഹതയുള്ള തുക @ (₹) 73.50/- | നൽകിയ തുക @ (₹) 70/- | അനുവദിച്ചതിൽ കുറവ് (₹) |
|---|---|---|---|---|---|---|
| 1 | 90 | 13.03.2024 | 1512 | 1,11,132.00 | 1,05,840.00 | 5,292.00 |
| 2 | 10 | 09.04.2024 | 1173 | 86,215.50 | 82,110.00 | 4,105.50 |
| 3 | 43 | 10.05.2024 | 1400 | 1,02,900.00 | 98,000.00 | 4,900.00 |
| 4 | 37 | 10.06.2024 | 1206 | 88,641.00 | 84,420.00 | 4,221.00 |
| 5 | 48 | 04.08.2024 | 1442 | 1,05,987.00 | 1,00,940.00 | 5,047.00 |
| 6 | 59 | 09.09.2024 | 1227 | 90,184.00 | 85,890.00 | 4,294.50 |
| 7 | 80 | 09.10.2024 | 1396.5 | 1,02,642.25 | 97,755.00 | 4,887.75 |
| 8 | 115 | 07.11.2024 | 1083 | 79,600.50 | 75,810.00 | 3,790.50 |
| 9 | 132 | 10.12.2024 | 1155 | 84,892.50 | 80,850.00 | 4,042.50 |
| 10 | 160 | 16.01.2025 | 1354 | 99,519.00 | 94,780.00 | 4,739.00 |
| 11 | 174 | 15.02.2025 | 1092 | 80,262.00 | 76,440.00 | 3,822.00 |
| 12 | 190 | 12.03.2025 | 1260 | 92,610.00 | 88,200.00 | 4,410.00 |
| ആകെ | | | 15300.5 | 11,24,586.75 | 10,71,035.00 | 53,551.75 |

ജി.എസ്.ടി. കുറഞ്ഞ നിരക്കിൽ നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/തീയതി. 12.09.2025) – ന്, ന്യൂട്രിമിക്സ് ലഭ്യമാക്കിയ സ്ഥാപനത്തിന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ ടൈപ്പ് പരിശോധിക്കുന്നതിൽ പിശക് പറ്റിയതാണെന്നും കുറവ് വന്ന തുക നടപ്പ് സാമ്പത്തികവർഷം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയത്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പ്രാഥമികാരോഗ്യപരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യകമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ താഴെ നൽകുന്നു.

<u>സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം</u>

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു.

കേന്ദ്രആരോഗ്യകുടുംബക്ഷേമമന്ത്രാലയം 31.08.2021 – ന് പുറപ്പെടുവിച്ച സാങ്കേതികമാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിടനിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യകേന്ദ്രങ്ങൾക്ക് സഹായം

കെട്ടിടനവീകരണം, പാർട്ടീഷനിംഗ്, ഫർണ്ണിച്ചർ വാങ്ങൽ, ലാബ് നവീകരണം, പൊതുജനാരോഗ്യപ്രവർത്തനത്തിന് അവശ്യം വേണ്ട വിവരസാങ്കേതികവിദ്യഉപകരണങ്ങൾ വാങ്ങൽ, ലാബ് റീ - ഏജന്റ് കിറ്റ് വാങ്ങൽ, ലാബ് പ്രവർത്തനത്തിനാവശ്യമായ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയ ബ്ലോക്ക് കുടുംബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ.

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യകേന്ദ്രങ്ങളിൽ പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവർദ്ധകസേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാലരോഗികൾക്ക് മാനസിക – സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ.

ഉപകരണങ്ങൾ വാങ്ങുന്നതിനും പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ഫണ്ട് വിശകലനം

കാമാക്ഷി ഗ്രാമപ്പഞ്ചായത്തിൽ 2021-2022 മുതൽ 2024-2025 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് താഴെ നല്കുന്നു.

| ഡയഗ്നോസ്റ്റിക് ഇൻഫ്രാ സ്ട്രക്ചർ (3) | | | | | | |
|---|---|---|---|---|---|---|
| വർഷം | മുന്നിരിപ്പ് (₹) | ഗ്രാന്റ് (₹) | പലിശ (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
| 2021-2022 | 0 | 0 | 0 | 0 | 0 | 0 |
| 2022-2023 | 0 | 2,64,733 | 3,608 | 2,68,341 | 2,64,733 | 3,608 |
| 2023-2024 | 3,608 | 7,95,000 | 7,113 | 8,05,721 | 7,20,993 | 84,728 |
| 2024-2025 | 84,728 | 3,32,000 | 2461 | 4,19,189 | 48,137 | 3,71,052 |
| നീക്കിയിരിപ്പ് (₹) (31.03.2025) | 3,71,052/- A/C No.110043909594, കനറാ ബാങ്ക്, കട്ടപ്പന | | | | | |

| ഹെൽത്ത് & വെൽനസ്സ് സെന്റർ (4) | | | | | | |
|---|---|---|---|---|---|---|
| വർഷം | മുന്നിരിപ്പ് (₹) | ഗ്രാന്റ് (₹) | പലിശ (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |

| | | | | | | |
|---|---|---|---|---|---|---|
| 2021-2022 | 0 | 0 | 0 | 0 | 0 | 0 |
| 2022-2023 | 0 | 1,35,000 | 1,972 | 1,36,927 | 1,35,000 | 1,972 |
| 2023-2024 | 1,972 | 3,41,000 | 7,871 | 3,50,798 | 3,34,513 | 16,285 |
| 2024-2025 | 16,285 | 5,42,000 | 6,759 | 5,65,044 | 4,59,950 | 1,05,094 |
| നീക്കിയിരിപ്പ് (₹) (31.03.2025) | 1,05,094/- A/C No.1100439102422, കനറാ ബാങ്ക്, കട്ടപ്പന | | | | | |

കാമാക്ഷി ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വാർഷികകണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം പ്രതിഫലിക്കുന്നുണ്ട്.

2021-2022 മുതൽ 2024-2025 വരെ വർഷങ്ങളിലെ ഹെൽത്ത് ഗ്രാന്റ് വിനിയോഗം

| വർഷം | 2021-2022 | 2022-2023 | 2023-2024 | 2024-2025 |
|---|---|---|---|---|
| ലഭ്യമായ തുക (₹) | ഇല്ല | 3,99,733 | 11,36,000 | 11,09,000 |
| ആവിഷ്കരിച്ച പദ്ധതികൾ | ഇല്ല | 1 | 6 | 2 |
| നടപ്പിലാക്കിയ പദ്ധതികൾ | ഇല്ല. | 1 | 6 | 1 |
| ചെലവ് തുക | ഇല്ല. | 3,99,683 | 11,29,513 | 5,08,087 |
| ബാങ്ക് അക്കൗണ്ട് നം. | - | 110043909594 1100439102422 | 110043909594 1100439102422 | 110043909594 1100439102422 |
| ബാങ്ക് ശാഖയുടെ വിവരം | - | കനറാ ബാങ്ക്, കട്ടപ്പന | | |

2022-2023 സാമ്പത്തികവർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|
| 1 | 168/2023 | പി.എച്ച്.സി. – യുടെ ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 2,64,733 | 2,64,733 |
| 2 | 202/2023 | പി.എച്ച്.സി. – യുടെ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ ഫർണ്ണിച്ചർ വാങ്ങൽ | 1,35,000 | 1,35,000 |

2023-2024 സാമ്പത്തികവർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|
| 1 | 192/2023-2024 | കാമാക്ഷി പി.എച്ച്.സി. – യുടെ ലാബിലേക്ക് രോഗനിർണ്ണയ പരിശോധന കിറ്റുകൾ വാങ്ങൽ | 2,00,000 | 1,99,826 |
| 2 | 205/2023-2024 | പി.എച്ച്.സി. – യുടെ ലാബിലേക്ക് മെയിന്റനൻസ് റീയേജന്റ് വാങ്ങൽ | 71,167 | 71,167 |
| 3 | 198/2023-2024 | പി.എച്ച്.സി. – യിലെ ജീവനക്കാർക്ക് പരിശീലനം | 10,000 | 10,000 |
| 4 | 237/2023-2024 | പി.എച്ച്.സി. – യിലെ ലാബ് പ്രവർത്തനങ്ങൾക്ക് ജനറേറ്റർ വാങ്ങൽ | 4,40,000 | 4,40,000 |
| 5 | 238/2023-2024 | ഹെൽത്ത് ആന്റ് വെൽനസ് സെന്ററിന് ലാപ് ടോപ്പ് വാങ്ങൽ | 3,41,000 | 3,34,513 |

2024-2025 സാമ്പത്തികവർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് തുക |
|---|---|---|---|---|
| 1 | 213/2024-2025 | കാമാക്ഷി കുടുംബാരോഗ്യകേന്ദ്രത്തിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഉപകരണങ്ങൾ വാങ്ങൽ | 3,32,000 | 82,000 Balance 2,50,000/- (On Going) |
| 2 | 214/2024-2025 | കാമാക്ഷി കുടുംബാരോഗ്യകേന്ദ്രത്തിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 5,42,000 | 5,42,000 |

**ഹെൽത്ത് ഗ്രാന്റ് മുഖേന വിഭാവനം ചെയ്തെങ്കിലും നടപ്പിലാക്കാത്ത പദ്ധതികൾ ( 2021-2022 മുതൽ 2024-2025 വരെ)**

| ക്രമ നം. | വർഷം | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ (₹) |
|---|---|---|---|---|
| 1 | 2024-2025 | 213/2025 | കാമാക്ഷി കുടുംബാരോഗ്യകേന്ദ്രത്തിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഉപകരണങ്ങൾ വാങ്ങൽ | 3,32,000 (On Going) |

**ഫലപ്രാപ്തി, നിർദ്ദേശങ്ങൾ**

സ്കീം 3 മുഖേന ലാബ് ഉപകരണങ്ങൾ, റിയേജന്റുകൾ എന്നിവ വാങ്ങിയതുവഴി കുടുംബാരോഗ്യകേന്ദ്രത്തിലെ രോഗനിർണ്ണയസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. 31.08.2022 – ലെ സ.ഉ.(സാധാ)നം.2132/2022/ ത.സ്വ.ഭ.വ., ഖണ്ഡിക നം. 2.4 പ്രകാരം, ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ മുഖേന ചുവടെ ചേർത്തിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

1. ആരോഗ്യവർദ്ധകസേവനങ്ങൾ - ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

2. രോഗപ്രതിരോധ പ്രവർത്തനങ്ങൾ - വിവിധ രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള ഇടപെടലുകൾ

3.വാർഷികആരോഗ്യപരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

4. പ്രാഥമികരോഗചികിത്സാ സൗകര്യങ്ങൾ

5. ദീർഘകാലരോഗങ്ങൾ ഉള്ളവർക്ക് മാനസിക – സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

6. രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവർക്ക് വീടുകളിൽ എത്തി നൽകുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ.

എന്നാൽ സ്കീം 4 പ്രകാരം, ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ മേൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്താൻ പര്യാപ്തമായവയല്ല.

ഹെൽത്ത് ഗ്രാന്റ് മുഖേന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ 31.08.2022 – ലെ സ.ഉ.(സാധാ)നം.2132/2022/ ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വിവിധ സ്കീമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കുന്നവയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് വിവരം

**മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 14 | 84,000 | 84,000 | - | - |

**പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) ( 07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ )** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

**മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 – ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)(07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

**മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) 07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) ** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-2 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പദ്ധതി നം./പദ്ധതിയുടെ പേര് | ചെലവ് (₹) |
|---|---|---|---|---|
| ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 2024-2025 | 33,00,000 | 61/25, ലൈഫ് ഭവനപദ്ധതി | 8,10,000 |
| | 2024-2025 | 3,75,000 | 40/25, ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 3,00,000 |
| | 2024-2025 | 15,00,000 | 92/25, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 7,00,000 |
| ഇടുക്കി ജില്ലാപ്പഞ്ചായത്ത് | 2024-2025 | 2,00,000 | 142/25, സമ്പൂർണ്ണഭവനം | 1,50,000 |
| | 2024-2025 | 3,75,000 | 40/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,35,000 |
| | 2024-2025 | 30,00,000 | 92/25, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 14,56,223 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

### 4-5 വായ്പ/വായ്പയുടെ തിരിച്ചടവ്

ലൈഫ് ഭവനപദ്ധതിയുടെ വായ്പ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നുണ്ട്. എന്നാൽ ജവഹർ ഭവനപദ്ധതി വായ്പയുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഒടുക്ക് വരുത്തിയ തുക മാത്രമാണ് രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷികധനകാര്യപത്രികയിൽ, ജവഹർ ഭവനപദ്ധതിക്കായി ഒടുക്കിയിട്ടുള്ള തുകയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. വായ്പകളുടെ വരവ്, തിരിച്ചടവ്, നീക്കിയിരിപ്പുകൾ എന്നിവ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പത്തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | വാർഷിക കണക്ക് പ്രകാരം എടുത്ത വായ്പത്തുക (₹) | ആകെ അടയ്ക്കാനുള്ള വായ്പത്തുതുക (₹) | വാർഷിക കണക്ക് പ്രകാരം തിരിച്ചടച്ച തുക (₹) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള മുതൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (₹) |
|---|---|---|---|---|---|---|---|
| ജവഹർ ഭവനപദ്ധതി | സ.ഉ.(സാധാ)നം. നം.2808/2016/ ത.സ്വ.ഭ.വ. തീ. 04.10.2016 | 1,50,00,000 | 45,40,767 | 0 | 45,40,767 | 14,70,000 | 30,70,767 |
| ലൈഫ് മിഷൻ | സ.ഉ.(എം.എസ്.)നം. നം.68/2018/ ത.സ്വ.ഭ.വ. തീ.18.05.2018 | 1,09,42,561 | 87,36,712 | 2,62,206 | 89,98,918 | 9,92,456 | 80,06,462 |

**<u>കുറിപ്പ് :</u>** 02/2024-2025, ജവഹർ ഭവനപദ്ധതി – ലോൺ തിരിച്ചടവ് എന്ന പദ്ധതിയിൽ, 19.08.2024 – ലെ 24101252013000557888 – നം. ബിൽ പ്രകാരം ₹14,70,000/- തൻവർഷം ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം വാർഷികകണക്കിൽ ഉൾപ്പെടുത്തി ലോൺ നീക്കിയിരിപ്പിൽ കുറവ് വരുത്തി ക്രമീകരിച്ചിട്ടില്ല. ആയത് ക്രമീകരിക്കേണ്ടതാണ്. കേരള ബാങ്ക്, തങ്കമണി ശാഖയിൽ ജവഹർ ഭവനവായ്പക്കുള്ള 13806081000019 – നമ്പർ അക്കൗണ്ടിലെ 31.03.2025 – ൽ അവശേഷിക്കുന്ന ബാധ്യത ₹44,56,567/- ആണ്.

**<u>4-6 സ്ഥിരനിക്ഷേപം</u>**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 50,00,000 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 0 |
| ആകെ (₹) | 50,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 50,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കാമാക്ഷി സർവ്വീസ് സഹകരണബാങ്ക് സർട്ടിഫിക്കറ്റ് നം.1978/ തീയതി. 31.10.2023 | 31.10.2023 | ഒരു വർഷം | 50,00,000 | ബാങ്കിന് 2023-2024 – ൽ ഗ്രാമപ്പഞ്ചായത്തിന്റെ നിക്ഷേപം സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള യോഗ്യത ഉണ്ടായിരുന്നു. |
| ആകെ | | | | 50,00,000 | |

30.10.2024 – ൽ കാലാവധി പൂർത്തിയായിട്ടുള്ള മേൽ നിക്ഷേപം നാളിതുവരെ പുതുക്കിയിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, 1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2006-2007 | 3-3 | 2010-2011 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം - വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ – പദ്ധതി, ₹49,728/- | - |
| പ്രവർത്തനാവലോകനം | പ്രത്യേക റിപ്പോർട്ട് | 2012-2013 | 3-4 | തൊഴിലുറപ്പ് പ്രവർത്തനാവലോകനം | - |
| വിഷയാധിഷ്ഠിത അവലോകനം | പ്രത്യേക റിപ്പോർട്ട് | 2014-2015 | അനുബന്ധം-4 | വിഷയാധിഷ്ഠിത അവലോകനം – മൃഗസംരക്ഷണം | - |
| 2015-2016 | 2-1 | 2016-2017 | അനുബന്ധം-5 | തൊഴിൽ നികുതി | - |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**ചാർജ്ജ് നടപടി വിവരങ്ങൾ**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (₹) (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (₹), തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക (₹) | അവശേഷിക്കുന്ന തുക (₹)/ ബാധ്യത (₹) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./തീയതി | തുക (₹) | | | (ഉൾപ്പെട്ട തുക (₹) | ഈടാക്കിയ തുക (₹) | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2002-2003 | 2.7 | ശ്രീ പി.കെ.ശ്രീധരൻ നമ്പൂതിരി സെക്രട്ടറി | LF-2365/ Spl.Cell/ SC2/2007 Dt. 29.09.2008 | 9,651 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9,651 | |

**സർചാർജ്ജ് നടപടി വിവരങ്ങൾ**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (₹) (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (₹) തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക (₹) | അവ ശേഷി ക്കുന്ന തുക/ ബാധ്യത (₹) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./തീയതി | തുക (₹) | | | ഉൾ പ്പെട്ട തുക (₹) | ഈടാ ക്കിയ തുക (₹) | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-1999 | 19(1) | ശ്രീ എം.എൻ.സന്തോഷ് LDC | LF-19013/ Spl.Cell/ SC2/2007 Dt.12.02.2008 | 1,621 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1,621 | |
| 2 | 1998-1999 | 19(2) | ശ്രീ എം.എൻ.സന്തോഷ് LDC | LF-19013/ Spl.Cell/ C2/2007 Dt. 12.02.2008 | 246 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 246 | |
| 3 | 2000-2001 | 26 | സെക്രട്ടറി | LF 11728/ Sp.Cell (SC2)/2005 | 534 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 534 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | Dt.16.08.2005 | | | | | | | | |
| 4 | 2000-2001 | 27 | ശ്രീ രാജൻ വർഗീസ് സെക്രട്ടറി | LF-11728/ Spl.Cell/ SC2/2005 Dt.16.08.2005 | 389 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 389 | |
| 5 | 2000-2001 | 30 | ശ്രീ പി.കെ.ശ്രീധരൻ നമ്പൂതിരി സെക്രട്ടറി | LF-11728/ Spl.Cell/ SC2/2006 Dt.23.03.2006 | 3,360 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3,360 | |
| 6 | 2000-2001 | 32 | ശ്രീ പി.കെ. ശ്രീധരൻ നമ്പൂതിരി സെക്രട്ടറി | LF.11728/ Sp.Cell (Sc2)/05 Dt.16.08.05 | 22,300 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 22,300 | |
| 7 | 2000-2001 | 36 | ശ്രീ രാജൻ വർഗീസ് സെക്രട്ടറി | LF-05/ Spl.Cell/ SC2/2005 Dt.23.03.2006 | 5,000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5,000 | |
| 8 | 2004-2005 | 3.4 | ശ്രീ എൻ.ഇബ്രാഹിംകുട്ടി കൃഷി ഓഫീസർ | LF-19126/ Spl.Cell/ SC2/2009 Dt.04.12.2010 | 2,850 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2,850 | |

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്തവിവരം**

| | |
|---|---|
| മുന്നിരിപ്പ് (₹) | 2,18,89,856 |
| വരവ് (₹) | 5,27,20,696 |
| ആകെ (₹) | 7,46,10,552 |
| ചെലവ് (₹) | 4,44,21,348 |
| നീക്കിയിരിപ്പ് (₹) | 3,01,89,204 |
| [കുറിപ്പ് :- പഞ്ചായത്തിന്റെ 2024-2025 – ലെ റസീറ്റ് & പെയ്മന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്] | |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം (₹)/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 8,86,975/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-14 | 84,375/- | ശ്രീ എച്ച് നജിം, അസിസ്റ്റന്റ് സെക്രട്ടറി | |
| 1-16 | 3,25,000/- | 25,000/- | ശ്രീ എച്ച് നജിം, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധികച്ചുമതല) |
| | | 3,00,000/- | ശ്രീ ബ്രൈറ്റ്മോൻ പി., അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെഅധികച്ചുമതല) |
| 1-17 | 64,000/- | ശ്രീ ബ്രൈറ്റ്മോൻ പി., അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധികച്ചുമതല) | |
| 1-20 | 4,13,600/- | ശ്രീ സോജി തോമസ്, കൃഷി ഓഫീസർ | |
| ആകെ | 8,86,975/- | | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– ഇല്ല –

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– ഇല്ല –

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ എച്ച് നജിം.<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>കാമാക്ഷി ഗ്രാമപ്പഞ്ചായത്ത് | മർഹബ,കൊല്ലായിൽ പി.ഒ.<br>കൊല്ലം ജില്ല, പിൻ – 691541 |
| ശ്രീ ബ്രൈറ്റ്മോൻ പി.<br>അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി<br>കരുണാപുരം ഗ്രാമപ്പഞ്ചായത്ത് | ബ്രൈറ്റ് ഭവനം, ചേറ്റുകുഴി പി.ഒ.<br>ഇടുക്കി ജില്ല, പിൻ - 685551 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

താഴെ കാണിച്ചിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികയുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 2006-2007 | എൽ.എഫ്.ഐ.13/902/2015 തീയതി. 08.09.2015 | 01 | 3-3 |
| 2012-2013 | എൽ.എഫ്.ഐ.13/1331/2014 തീയതി. 03.02.2015 | 01 | 2-2 |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ.13/329/2017 തീയതി. 20.04.2017 | 05 | 2-1, 3-3, 3-4, 3-5, 3-6 |
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ.13/1545/2017 തീയതി. 05.12.2017 | 01 | 2-2 |
| 2017-2018 | കെ.എസ്.എ.ഐ.ഡി.കെ.13/1226/2018 തീയതി. 19.11.2018 | 8 | 2-2, 2-3, 3-2, 3-4, 3-5, 3-6, 3-8, 3-9 |
| 2019-2020 | കെ.എസ്.എ.ഐ.ഡി.കെ.11/345/2021 തീയതി. 17.04.2021 | 9 | 1-9, 1-10, 1-12, 1-14, 1-16, 1-21, 4-8, 4-9, 4-11 |
| 2020-2021 | കെ.എസ്.എ.ഐ.ഡി.കെ.11/1011/2021 തീയതി. 15.12.2021 | 10 | 1-9-1(4), 1-9-4, 1-9-5, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-18 |
| 2021-2022 | കെ.എസ്.എ.ഐ.ഡി.കെ.പി 5/14/2023 തീയതി. 17.03.2023 | 11 | 1-9, 1-13, 1-17, 1-19, 1-20, 1-21, 1-23, 1-24, 4-8, 4-9, 4-11 |
| 2022-2023 | കെ.എസ്.എ.ഐ.ഡി.കെ.പി.5/1256/2023 തീയതി. 20.12.2023 | 20 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29 |
| 2023-2024 | കെ.എസ്.എ.ഐ.ഡി.കെ.പി.5/830/2024 തീയതി. 20.09.2024 | 19 | 1-9 മുതൽ 1-28 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 08-07-2025 and submitted on 11-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kamakshy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kamakshy Grama Panchayat as on 31-03-2025

**Date: 29/11/2025**

**Deputy Director**
**District Office Idukki**
**Kerala State Audit Department**

**Audit Report appended to the Audit Certificate of Kamakshy Grama Panchayat for the Year 2024-2025 .**

**1.Major Observations**

1) Non inclusion of notes to accounts in Financial Statements and non disclosure of material facts.

**2.Other Observations**

1) Cashflow statement- Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
2) Verificcation of value of assets owned by Grana Panchayath is not possible due to lack of authenticated documents. Asset Register is not updated.
3) Lack of authenticated journal vauchers for supporting the adjustment entries recorded in Prior Period items and Depreciation etc. in Income and Expenditure statement.
4) Overdue deposits including Election Deposits recorded under Schedule B-7 of the Balance Sheet have not been forfeited and credited to the Panchayat Fund.
5) Demand, Collection, Balance statement is not recorded in Profession tax register, Licence register and rent register.
6) Lapses in making timely and accurate demand entries in respect of tax and non tax revenue.
7) Advance register, Deposit register, Loan register are not reliable for audit as they are not certified by the authorities

8) Lack of authenticity about the figure noted under the head Specific Purpose Grant
in B4 Schedule of Balance sheet.

9) Loan repayment is not properly accounted.
10) Capital work in progress amount is inaccurate.

**<u>അനുബന്ധം-2</u>**
**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്